**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 608** **09-08-2023 - ൽ മറുപടിയ്ക്ക്**

**എ.ഐ. ക്യാമറ ടെൻഡറിലെ ഉപകരാർ വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കാനായുള്ള ടെൻഡർ നേടിയ എസ്.ആർ.ഐ.ടി. എല്ലാ പ്രവൃത്തികളും ഉപകരാറായി നൽകിയത് കെൽട്രോണിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നോ എന്ന് വ്യക്തമാക്കുമോ; | (എ) | **എല്ലാ പ്രവൃത്തികളും ഉപകരാറായി നൽകിയിട്ടില്ല.** |
| (ബി) | കെൽട്രോണുമായുള്ള ടെൻഡർ ഡോക്യുമെന്റ് പ്രകാരം ഡാറ്റ സുരക്ഷാ, ഡാറ്റ ഇന്റഗ്രിറ്റി, ഉപകരണങ്ങളുടെ കോൺഫിഗറേഷൻ, ഫെസിലിറ്റി മാനേജ്മെന്റ് ഉടങ്ങിയ സുപ്രധാനമായ പ്രവൃത്തികൾ ഉപകരാറായി നൽകാൻ പാടില്ല എന്ന വ്യവസ്ഥകൾക്ക് വിപരീതമായി എസ്.ആർ.ഐ.ടി. എല്ലാ പ്രവൃത്തികൾക്കും ഉപകരാർ നൽകിയെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; | (ബി) | **എൻഫോഴ്സ്മെന്റ് ഡാറ്റായുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നത് മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റും മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് ആന്റ് ഹൈവേസ് (MORTH) ഉം ആണ്. അതിൽ മറ്റാർക്കും പങ്കില്ല. മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റിന്റെ പൂർണമായ അധീനതയിലുള്ള എൻഫോഴ്സ്മെന്റ് കൺട്രോൾ റൂമുകളിൽ നിന്നും മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥർക്ക് മാത്രമേ മേല്പറഞ്ഞ ഡേറ്റാ അക്സസ് സാധിക്കുകയുള്ളൂ.**<br><br>**സേഫ് കേരളാ പ്രോജക്റ്റിന്റെ സിസ്റ്റം ഡിസൈൻ പൂർണമായും ചെയ്തിട്ടുള്ളത് കെൽട്രോണാണ്. പ്രസ്തുത പദ്ധതിയുടെ അഞ്ചു വർഷത്തെ Facility Management Service ഉം പൂർണമായിട്ടും കെൽട്രോൺ നേരിട്ടാണ് ചെയ്യുന്നത്.** |
| (സി) | എസ്.ആർ.ഐ.ടി. എന്ന സ്ഥാപനം സമർപ്പിച്ച ടെക്നിക്കൽ ഡോക്യുമെന്റിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഉപകരാർ നൽകുമെന്നും ഉപകരാർ നൽകുന്ന സ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങളും നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | **എസ്.ആർ.ഐ.ടി. സമർപ്പിച്ച ടെക്നിക്കൽ ഡോക്യുമെന്റിൽ ഉപകരാർ സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടുണ്ട്. എസ്.ആർ.ഐ.ടി. സമർപ്പിച്ച ടെൻഡർ ഡോക്യുമെന്റിൽ മാനേജിംഗ് പാർട്ണേഴ്സ് / സബ്കോൺട്രാക്ടേഴ്സ് എന്ന ശീർഷകത്തിന്റെ നിർവ്വചനം ചുവടെ പറയും പ്രകാരമാണ്.**<br><br>**“ We will work with the client and other suppliers to identify dependencies and deliverables, and to delineate responsibilities.** |

| | | | |
|---|---|---|---|
| | | | **We will also collaboratively identify potential conflict situations. We would help define inter – vendor SLAs and SLAs with client objectively".** <br><br> **ഇതു പ്രകാരം കെൽട്രോണുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ M/s അൽഹിന്ദ് ഗ്രൂപ്പ്, പ്രസാദിയോ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്നിവരാണ് അവരുടെ ഉപകരാറുകാർ എന്ന വിവരം എസ്.ആർ.ഐ.ടി. വ്യക്തമാക്കിയിട്ടുണ്ട്.** |
| (ഡി) | ടെൻഡർ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് എല്ലാ പ്രവൃത്തികൾക്കും ഉപകരാർ നൽകിയ എസ്.ആർ.ഐ.ടി. എന്ന സ്ഥാപനത്തിനെതിരെ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ? | (ഡി) | **എസ്.ആർ.ഐ.ടി. ടെൻഡർ നടപടികൾ ലംഘിച്ചതായി കണ്ടെത്തിയിട്ടില്ല.** |

സെക്ഷൻ ഓഫീസർ